# പിറവികാലം

## വചന വിചിന്തനം

### പിറവികാലം നാലാം ഞായർ

**മത്താ 2,1-23**

> **അഴകിലും ആകാരഭംഗിയുള്ളവരിലും സമ്പത്തിന്റെ ധാരളിത്വത്തിലും ദൈവത്തെ തേടുന്നവരാണ് നാം. ജ്ഞാനികളായിരുന്നിട്ടുപ്പോലും ദൈവത്തെ തേടുന്നവർ ഈ പ്രലോഭനത്തിൽ വീണുപോകുന്നുണ്ട്. ദൈവാന്വേഷണത്തിന്റെ വഴിയിൽ രാജകൊട്ടാരം ജ്ഞാനികളുടെ മനസ്സിളക്കി എന്നത് ഭയപ്പാടോടെ വായിക്കേണ്ട വചനഭാഗമാണ്!**

പശ്ചാത്യദേശത്തു ജനിച്ച ക്രിസ്തുവിനെ തേടി യാത്രയായകുന്നത് പൗരസ്ത്യദേശത്തു നിന്നുള്ള ജ്ഞാനികളാണ്. ദൈവം എവിടെ ജനിക്കുന്നു എന്നതല്ല വിഷയം. മറിച്ച്, ആരു സ്വന്തമാക്കുന്ന എന്നതാണ്!

"പ്രകാശം സമ്മാനിക്കുന്ന നക്ഷത്രം" അതാണ് രക്ഷകന്റെ വരവറിയിച്ചുക്കൊണ്ട് ജ്ഞാനികൾക്ക് മാർഗ്ഗദീപമായത്. ആ നക്ഷത്രത്തിന്റെ നനുത്ത വെള്ളിവെളിച്ചത്തിലാണ് ജ്ഞാനികൾ ദൈവപുത്രനെ ദർശ്ശിക്കാൻ യാത്രയാവുന്നത്. ഹേറോദേസ് രാജാവിൻെറ കാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ ക്രിസ്തു ജനിച്ചപ്പോൾ പൗരസ്ത്യ ദേശത്തുനിന്നു ജ്ഞാനികൾ ജറുസലെമിലെത്തി ഹേറോദേസ് രാജാവിനോട് അന്വേഷിക്കുന്നത് ഇപ്രകാരമാണ്;

''എവിടെയാണ് യഹൂദൻമാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് അവൻെറ നക്‌ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്" (മത്താ 2,1 –2).

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയവന്റെ ജനനത്തിന്റെ സൂചനയായ് പ്രകൃതിപ്പോലും നക്ഷത്രത്തിന്റെ വെള്ളിവെളിച്ചത്തിൽ പ്രശോഭിച്ചെങ്കിൽ അതിൽ അൽഭുതമില്ല. പക്ഷെ, നക്ഷത്രം ജ്ഞാനികൾക്ക് വഴിവെളിച്ചമായെങ്കിൽ ഹേറോദേസിന് അത് അന്ധകാരമായിരുന്നു. കാരണം, ''എവിടെയാണ് യഹൂദൻമാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് അവൻെറ നക്‌ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ് (മത്താ 2,1 –2) എന്ന് പറഞ്ഞ് ജ്ഞാനികൾ തങ്ങളെതന്നെ പരിചയപ്പെടുത്തുമ്പോൾ ഇതുകേൾക്കുന്ന ഹേറോദേസ് രാജാവ് അസ്വസ്ഥനാവുകയാണ്; അവനോടൊപ്പം ജറുസലെം മുഴുവനും;

"ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും (മത്താ 2,3).

നന്മയിൽ നിലനിൽക്കുന്നവർക്ക് ദൈവീകമായ അടയാളങ്ങൾ രക്ഷയുടെ നിമിത്തങ്ങളായി എങ്ങനെ മാറുന്നു എന്നതിനുള്ള ഉദാഹരണമായി പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ മാറ്റപ്പെടുമ്പോൾ ദൈവീകമായ അടയാളങ്ങൾ തിന്മയിൽ നിലനിൽക്കുന്നവർക്ക് എങ്ങനെ നാശത്തിന് കാരണമാകും എന്നതിനുള്ള ഉദാഹരണമായി ഹേറോദേസ് രജാവ് മാറ്റപ്പെടുന്നു. ഹേറോദേസിന്റെയും ഒപ്പം ജറുസലെം മുഴുവന്റെയും ഉറക്കം കെടുത്തുന്ന വാർത്തയാണ് "ക്രിസ്തുവിന്റെ ജനനത്തെ കുറിച്ചുള്ള വാർത്ത." കാരണം, ദൈവത്തിന്റെ, ക്രിസ്തുവിന്റെ രാജ്വത്ത്വത്തെ എല്ലാവരും പേടിച്ചിരുന്നു. ക്രിസ്തുവിന്റെ രാജ്യത്വം തങ്ങളുടെ രാജ്യത്വത്തിനുള്ള ഭീഷിണിയായ് ഇവർ കണ്ടിരിന്നു. അതുകൊണ്ട് തന്നെയാണ് സുവിശേഷകൻ ഇപ്രകാരം കുറിച്ച് വയ്ക്കുന്നത്;

"ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും (മത്താ 2,3).

ഈ ഭീതിയുടെ നിഴലിൽ നിന്നാണ് പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ തങ്ങളെ കബളിപ്പിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി, അവരിൽനിന്നു മനസ്സിലാക്കിയ സമയമനുസരിച്ച് ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിക്കുന്നത്. നോക്കുക, തിൻമയിൽ വസിക്കുന്നവർക്ക് ക്രിസ്തുവിന്റെ ജനനം എന്തു മാത്രം വേദനയാണ് സമ്മാനിക്കുന്നത്... തങ്ങളുടെ രോക്ഷമടക്കാൻ, തങ്ങളുടെ അധികാരം നിലനിർത്താൻ എന്തെല്ലാം വിക്രിയകളാണ് ചെയ്യുന്നത്. തന്റെ അധികാരം നിലയുറപ്പിക്കാൻ സ്വന്തം പ്രജകളെ വരെ വധിക്കാൻ തയ്യാറാണ് ഹേറോദേസ് രാജാവ്. സ്വന്തം സുഖവും സന്തോഷവും അധികാരവും മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്ന ഏകാധിപതികളുടെ വലിയ പ്രതീകമാണ് ഹേറോദേസ് രാജാവ്.

ഒരു കുളത്തിൽ ഒരു പറ്റം തവളകൾ സുഖമായി ജീവിക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഒരു തവള കാഴ്ചകൾ കാണാനായി പുറത്തിറങ്ങി. അപ്പോഴുണ്ട് ഒരു വലിയ പാമ്പ് വെയില് കാഞ്ഞു കിടക്കുന്നു.

“ഹമ്പടാ, ഇവനാള് കൊള്ളാമല്ലോ? എന്തൊരു നീളം! എന്തൊരു ഭംഗി ! അതിലേറെ മിനുമിനുപ്പ്...”

എന്ന് ആത്മഗതം ചെയ്ത് ഒറ്റ നോട്ടത്തിൽ തന്നെ തവളയ്ക്ക് പാമ്പിനോട് ആരാധന തോന്നി. ഇവനുമായി ചങ്ങാത്തം കൂടിയാൽ പിന്നെ ആരെയും പേടിക്കണ്ട. തവള മനസ്സിൽ നൂറു നൂറു സ്വപ്നങ്ങൾ കണ്ടു. പാമ്പ് തവളയെ കണ്ടു. ഒറ്റ ചാട്ടത്തിനു അവനെ വിഴുങ്ങാനാണ് തോന്നിയത് എങ്കിലും അവന്റെ ചാഞ്ഞും ചെരിഞ്ഞും ഭക്തിയോടെയുള്ള നില്പ്പും കണ്ടപ്പോൾ അവനെന്തോ പറയാനുണ്ടെ് പാമ്പിനു മനസ്സിലായി. തവള പാമ്പിനോട് പറഞ്ഞു;

“എവിടെയാണ് യഹൂദൻമാരുടെ രാജാവായി ജനിച്ചവൻ?” എന്ന ചോദ്യത്തിൽ ഹേറോദേസ് അസ്വസ്ഥനാകുന്നു. കാരണം, അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി ഹൃദയത്തിന്റെ നന്മയെ അവൻ അടച്ച് കളഞ്ഞിരുന്നു.

“അങ്ങുന്നേ, ഞാൻ ഇവിടെ അടുത്തൊരു മഞ്ഞ കുളത്തിലാണ് താമസിക്കുന്നത്. അങ്ങുന്ന് ഞങ്ങളുടെ കൂടെ താമസിക്കാമോ? നമുക്കെന്നും ചങ്ങാതിമാരായി കഴിയാം.”

“ഹ്ഹ്ഹ് ഇത് കൊള്ളാമല്ലോ? ഇവനെ ഒറ്റയടിക്ക് അകത്താക്കിയാൽ ശരിയാവില്ല. മഞ്ഞക്കുളം നിറയെ ഇവനെ പോലുള്ള പോക്കാച്ചി തവളകൾ ആയിരിക്കും. അവിടെ എങ്ങനെയെങ്കിലും കടന്നുകൂടണം. തല്ക്കാലം ഈ മണ്ടനെ പറ്റിക്കാം.”

പാമ്പ് കൊതിയോടെ മനസ്സിൽ ചിന്തിച്ചു. അങ്ങനെ ഇരുവരും ചങ്ങാതിമാരായി. ഉണ്ടൻ തവളച്ചാർ പാമ്പിന്റെ പുറത്തു രാജകീയമായി കയറി ഇരുന്നു മഞ്ഞക്കുളത്തിലേക്ക് യാത്ര തിരിച്ചു. മറ്റു തവളകൾ നോക്കുമ്പോഴുണ്ട് ഉണ്ടൻ തവളയുടെ അകമ്പടിയോടെ ഒരു വലിയ പാമ്പ് കുളത്തിലേക്ക് അരിച്ചു വരുന്നു. കൂട്ടത്തിലെ അപ്പുപ്പൻ തവള പാമ്പിൻ പുറത്ത് കയറി ആനപ്പുറത്തെന്നുകരുതി വരുന്ന തവളയോട് പറഞ്ഞു;

“ഡാ മണ്ടാ, നീ എവിടുാണ് ഈ പാമ്പിനെയും കൊണ്ട് വരുന്നത്? ഇവൻ നമ്മുടെ ശത്രു ആണെന്ന് അറിയില്ലേ. നമ്മുടെ എത്ര പൂർവികരെ ഇവൻ കൊന്നു തിന്നിരിക്കുന്നു?”

മണ്ടനായ തവള പറഞ്ഞു;

“അതൊക്കെ പണ്ട്, നമ്മളിങ്ങനെ എന്നും കലഹിച്ചു കഴിയുന്നത് ശരിയല്ല. നമുക്ക് ഒന്നിക്കണം. നമ്മുടെ ശക്തി മറ്റുള്ളവർ അറിയട്ടെ...”

മറ്റുള്ളവരുടെ മുറിയിപ്പ് വകവെക്കാത്ത തവള പാമ്പിനു കുളത്തിൽ സുഖവാസം ഒരുക്കി. പാമ്പാവട്ടെ രഹസ്യമായി ഓരോരുത്തരെ അകത്താക്കാൻ തുടങ്ങി. ഓരോ ദിവസവും ഓരോരുത്തരെയാണ് അകത്താക്കിയത്. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു പോയി . കുളത്തിലെ തവളകളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. പാമ്പാവട്ടെ, പുറമേ നല്ല ചങ്ങാത്തം അഭിനയിക്കുകയും ഇരുട്ടിന്റെ മറവിൽ തന്റെ യഥാർത്ഥ സ്വഭാവം കാണിക്കുകയും ചെയ്തു. അങ്ങനെ അവസാനം നമ്മുടെ മണ്ടനായ തവള മാത്രം ബാക്കിയായി .

ഒടുവിൽ വിശപ്പ് സഹിക്കാനാവാതെ പാമ്പ് നമ്മുടെ മണ്ടൻ തവളയെ വിഴുങ്ങാനായി വന്നു. പേടിച്ചു വിറച്ച തവള ചങ്ങാത്തത്തെ ഓർമ്മിപ്പിച്ചു. പാമ്പ് പറഞ്ഞു;

"സ്വന്തം വർഗ്ഗത്തെ വഞ്ചിച്ച നിന്നെയാണ് ആദ്യം വിഴുങ്ങേണ്ടിയിരുന്നത്. പക്ഷെ, അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ എനിക്ക് ഇത്രയും കാലം സുഭിക്ഷമായി കഴിയാൻ ആവുമായിരുന്നില്ല. അതിനാൽ ഇനി നിന്റെ ഊഴമാണ്."

പറഞ്ഞു തീർന്നതും തവള പാമ്പിന്റെ വായിലായി...

ഇത് തിന്മയുടെ കൂടെ കൂട്ടുകൂടുന്നവർക്കുള്ള താക്കീതാണ് ആണ്. തിന്മയുടെ കൂടെ കൂട്ടുചേർന്നിട്ടുള്ള ഒരു ശക്തിയും കാലചക്രം അവസാനിക്കുന്നിടത്തോളംകാലം സുഭിക്ഷമായി ജീവിച്ചിട്ടില്ല. ഹേറോദേസിന്റെയും ജീവിതം പഠിപ്പിച്ച് തരുന്നത് ഇത് തന്നെയാണ്. അതേസമയം, നന്മയെ കൂട്ടുപിടിക്കുന്നവർക്ക് താങ്ങായി, തണലായി ദൈവം കൂട്ടിനുണ്ട് എന്ന ചിന്തയാണ് പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ പങ്കുവയ്ക്കുന്നത്. ഹേറോദേസ് ആജ്ഞാനികളെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു സൂക്ഷ്മമായി ആകാംക്ഷയോടെ അന്വേഷിച്ചറിയുന്നത് ക്രിസ്തുവിന്റെ ശിരശിനുമുകളിൽ കൊലക്കത്തി ഉറപ്പിക്കുന്നതിനുവേണ്ടിയാണ്. തുടർന്ന്, ക്രിസ്തുവിനെ കുറിച്ച് കൂടുതൽ വ്യക്തത ലഭിച്ച് വരണം എന്ന് പറഞ്ഞ് ജ്ഞാനികളെ ഹേറോദേസ് അയക്കുന്നു.

രാജാവു പറഞ്ഞതുകേട്ടിട്ട് പുറപ്പെടുന്ന അവർ ഹോറോദേസിന്റെ, അധികാരത്തിന്റെ, സ്വാർത്ഥതയുടെ ആഥിത്യം അവസാനിപ്പിക്കുമ്പോൾ കിഴക്കുക നക്ഷത്രം വീണ്ടും അവർക്കുമുമ്പേ നീങ്ങിന്നു. ആ നക്ഷത്രം ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിൽക്കുന്നു. അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു. ഹേറോദേസിൻെറ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച് അവർ മറ്റൊരു വഴിയേ സ്വദേശത്തേക്കു യാത്രയാകുന്നു.

തുടർന്നിങ്ങോട്ട് പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികളുടെ ജീവിതം നിയന്ത്രിക്കുന്നത് ദൈവമാണ്. കാരണം, അവരുടെ കൂട്ട് ദൈവവുമായിരുന്നു... സത്യത്തിന്റെ പക്ഷത്താണ് പൗരസ്ത്യ ദേശത്തുനിന്നുള്ള ജ്ഞാനികൾ നിലയുറപ്പിച്ചിരുന്നത്. ഒന്നുറപ്പാണ്, ദൈവത്തിനുവേണ്ടി, ദൈവത്തോട് ചേർന്നുനിൽക്കുന്നവരെ രക്ഷിക്കാൻ, കാക്കാൻ, കരുതാൻ ദൈവമുണ്ടാകും!

*നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിക്കുന്ന ജ്ഞാനികൾ വലിയ മാതൃകയാണ്. നിനക്കുള്ളതുമുഴുവൻ ദൈവത്തിന് സമർപ്പിച്ച് ജീവിക്കണം എന്ന സൂചന!*

***"യേശുക്രിസ്തു എല്ലാ തിൻമകളിലുംനിന്നു നമ്മെ മോചിപ്പിക്കുന്നതിനും, സത്പ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ഒരു ജനതയെ തനിക്കുവേണ്ടി ശുദ്ധീകരിക്കുന്നതിനുമായി നമ്മെപ്രതി തന്നെത്തന്നെ ബലിയർപ്പിച്ചു. ."***

തീത്തോസ് 2,13

---

ഫാ. ജോബി മേനോത്ത്
+91 9447777931